**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസവകുപ്പ് - 2015-16 ൽ നിയമിതരായ അധ്യാപകർക്ക് കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (കെ-ടെറ്റ്) യോഗ്യത പരീക്ഷ പാസ്സാകുന്നതിന് 2018 വരെ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ. (പി)നം. 99/2016/പൊ.വി.വ — തീയതി, തിരുവനന്തപുരം, 15.06.2016

---

പരാമർശം :
1) 20.09.2012 ലെ സ.ഉ.(പി).നം.294/12/പൊ.വി. നമ്പർ സർക്കാർ ഉത്തരവ്
2) 24.10.2013 ലെ സ.ഉ.(പി).നം.284/13/പൊ.വി. നമ്പർ സർക്കാർ ഉത്തരവ്
3) 13.01.2015 ലെ സ.ഉ.(പി).നം.10/15/പൊ.വി. നമ്പർ സർക്കാർ ഉത്തരവ്
4) 29.01.2016 ലെ സ.ഉ.(പി).നം.29/16/പൊ.വി. നമ്പർ സർക്കാർ ഉത്തരവ്
5) 30.5.2016 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്3/30197/2016/ഡിപി.ഐ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2012-13, 2013-14, 2014-15 അധ്യയനവർഷങ്ങളിൽ നിയമിതരായ അധ്യാപകർക്ക് കെ-ടെറ്റ് പരീക്ഷ പാസ്സാകുന്നതിന് 2018 വരെ ഇളവ് അനുവദിച്ച് പരാമർശം (1),(2),(3) എന്നിവ പ്രകാരം യഥാക്രമം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. കെ-ടെറ്റ് യോഗ്യത നിർബന്ധമാക്കിയ വ്യവസ്ഥയ്ക്കും 2018 നുള്ളിൽ പാസായാൽ മതിയാകുമെന്ന ഇളവ് അനുവദിച്ചു പുറപ്പെടുവിച്ച 13-01-2015 ലെ ജി.ഒ.(പി) നം.10/15/പൊ.വി.വ നമ്പർ ഉത്തരവിനും പ്രാബല്യമുണ്ടായിരിക്കുമെന്ന് പരാമർശം (4) മുഖേന പുറപ്പെടുവിച്ച ഉത്തരവിലെ ഖണ്ഡിക VIII ൽ നിർദ്ദേശിച്ചിട്ടുണ്ട്. കെ-ടെറ്റ് യോഗ്യത പാസാകുന്നതിന് 2018 വരെ നൽകിയ ഇളവ് 2015-16 അധ്യയനവർഷം നിയമിതരായവർക്കു കൂടി ബാധകമാക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം(5) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2015-16 അധ്യയന വർഷത്തിൽ നിയമിതരായ അധ്യാപകർക്കും കെ-ടെറ്റ് യോഗ്യത പരീക്ഷ പാസ്സാകുന്നതിന് 2018 വരെ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു. എൻ.സിറ്റി.ഇ മാനദണ്ഡങ്ങൾ പ്രകാരം കെ-ടെറ്റ് നിർബന്ധയോഗ്യതയായതിനാൽ ഇളവു ലഭിച്ച എല്ലാ അധ്യാപകരും 2018-19 അധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പ് കെ-ടെറ്റ് യോഗ്യത നേടിയിരിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ആർ. കുമാർ,**
**സ്പെഷ്യൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസഡയറക്ടർ,തിരുവനന്തപുരം
എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ/ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം,തിരുവനന്തപുരം
ധനകാര്യവകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,തിരുവനന്തപുരം.
ഡയറക്ടർ, ഐടി @ സ്കൂൾ,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം**

**സെക്ഷൻഓഫീസർ**